# മരണത്തിന്റെ രുചി

**I കെ.പി ഇസ്മാഈൽ**

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ : قَالَ رَسُولُ اللهِ ﷺ : أَكْثِرُوا ذِكْرَ هَادِمِ اللَّذَّاتِ الْمَوْتِ .

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ)പറഞ്ഞു: "ജീവിതാനന്ദങ്ങൾ മുറിച്ചു കളയുന്ന മരണത്തെ നിങ്ങൾ കൂടുതലായി ഓർക്കുക"** (അഹ്മദ്, നസാഈ).

പഴുത്ത ഇലകൾ മരണത്തെ സൂചിപ്പിക്കുന്നു. ഏതുസമയത്തും യാത്ര പുറപ്പെടാൻ ഒരുങ്ങിയിരിക്കുക എന്നാണ് അവിചാരിതമായെത്തുന്ന മരണം മന്ത്രിക്കുന്നത്. ഏറ്റവും അത്ഭുതകരമായ കാര്യം എന്താണെന്ന് യുധിഷ്ഠിരനോട് ചോദിച്ചു. ചുറ്റുപാടുനിന്നും ആളുകൾ മരിക്കുന്നു, എന്നിട്ടും താൻ ഇപ്പോഴൊന്നും മരിക്കുകയില്ല എന്ന മനുഷ്യന്റെ വിചാരമാണ് ഏറ്റവും അത്ഭുതകരമായിട്ടുള്ളത് എന്നായിരുന്നു മറുപടി.

മരണം ആഹ്ലാദകരമായ അനുഭൂതിയാണെന്ന്, മരിക്കാത്തവരോട് പറയാൻ കൊതിച്ച ഒരു രക്തസാക്ഷിയുടെ കഥ ഖുർആൻ പറയുന്നുണ്ട്.

നിരപ്പായ മൈതാനത്തിലൂടെ നടക്കുമ്പോൾ പെട്ടെന്ന് കുഴൽ കിണറിൽ വീണുപോകുന്നതുപോലുള്ള അത്യാപത്തല്ല മരണം. യാദൃഛികതയുമല്ല. നിശ്ചിതമായ ഒരു പദ്ധതിയുടെ ഭാഗമാണത്. വിശ്വാസിയെ സംബന്ധിച്ചേടത്തോളം ആഹ്ലാദകരമായ അനുഭവം. തിന്നുകൊണ്ടിരുന്ന കാരക്ക വലിച്ചെറിഞ്ഞ് യുദ്ധക്കളത്തിലേക്ക് പാഞ്ഞുചെന്ന് രക്തസാക്ഷിത്വം വരിച്ച പ്രവാചക ശിഷ്യന്റെ കഥ നമ്മോട് പറയുന്നതും മറ്റൊന്നല്ല. പുഷ്പാലംകൃതമായ കവാടം കടക്കുന്ന ആഹ്ലാദവും സ്വർഗീയാരാമത്തിലേക്ക് പ്രവേശിക്കുന്നതിലെ ആമോദവുമായിരുന്നു ആ സ്വഹാബിക്ക്.

വൃദ്ധന്മാർ പഴുത്ത ഇലകളാണ്. ഞെട്ട് ദുർബലമാണ്. ഏതു നിമിഷവും കൊഴിഞ്ഞുവീഴാം. ഒരു ചെറു കാറ്റുമതി നിലം പതിക്കാൻ. അസ്രാഈൽ മലക്കിന്റെ ഒരു തൂവൽസ്പർശം. എന്നാൽ മരണത്തിന് പ്രായഭേദമില്ല എന്നതും ശ്രദ്ധേയമാണ്. പച്ചിലകളും ചിലപ്പോൾ കൊഴിയാറുണ്ട്. പ്രായമേറിയവർ മാത്രമേ മരിക്കൂ എന്നാണെങ്കിൽ ഭൂമി അക്രമികളുടെ കൂത്തരങ്ങാകുമായിരുന്നു. മരണം മുന്നിലില്ലെങ്കിൽ മനുഷ്യൻ ചെയ്തുകൂട്ടുന്ന അതിക്രമങ്ങൾക്ക് അതിരുണ്ടാവില്ല.

'ആരും മരണത്തിന്റെ രുചിയറിയാതെ പോവില്ല' (ഖുർആൻ). മരണത്തെ കൂടുതൽ കൂടുതൽ ഓർക്കാനാണ് നബി(സ) ഇവിടെ ഓർമപ്പെടുത്തുന്നത്. ഓർത്ത് ദുഃഖിക്കാനല്ല. പരലോകബോധം നിലനിർത്താൻ. പരലോക ജീവിതത്തിന്റെ ശാശ്വതികത്വവും അനന്തമായ സ്വർഗീയാനുഭൂതികളും കഠിന ശിക്ഷകളും ഓർക്കാൻ.

ഓരോ ചുവടും മരണത്തിലേക്കാണെന്ന സത്യം പ്രകൃതിയിലെ പ്രതിഭാസങ്ങൾ ഓർമിപ്പിച്ചുകൊണ്ടേയിരിക്കുന്നു. എന്നെന്നും ജീവിക്കുന്നവനെപ്പോലെ അധ്വാനിക്കണമെന്നും നാളെത്തന്നെ മരിച്ചുപോകുന്നവനെപ്പോലെ ദൈവമാർഗത്തിൽ ചെലവഴിക്കണമെന്നും പ്രവാചകൻ പറഞ്ഞിട്ടുണ്ട്.

മരണം നൽകുന്ന സന്ദേശം ഒരിക്കലും ദുഃഖത്തിന്റേതല്ല. തിന്മകൾ ചെയ്തുകൂട്ടിയവർക്ക് അവ തിരുത്താനുള്ള മുന്നറിയിപ്പാണ് ചുറ്റുപാടും നടക്കുന്ന മരണങ്ങൾ. പുണ്യം ചെയ്തവർക്ക് സംതൃപ്തിയുടെ സന്ദേശവും. ■